## എമിഗ്രേഷൻ നിയമത്തിൽ ഭേദഗതി

158 [1568] ശ്രീ. വർക്കല കഹാർ:
" എം. മുരളി:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീമതി രാധാ രാഘവൻ:
ശ്രീ. ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ളവർക്ക് വിദേശത്ത് തൊഴിൽ തേടി പോകുന്നതിന് എമിഗ്രേഷൻ നിയമംമൂലം എന്തെല്ലാം വിധത്തിലുള്ള ബുദ്ധിമുട്ടുകളും പ്രയാസങ്ങളും നേരിടുന്നുണ്ട്;

(ബി) എമിഗ്രേഷൻ നിയമത്തിൽ ഭേദഗതി വരുത്തേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ;

(സി) എങ്കിൽ എന്തെല്ലാം ഭേദഗതികൾ നിർദ്ദേശിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ ആന്റ് ബി) വിദേശത്ത് തൊഴിൽ തേടി പോകുന്നതിന് എമിഗ്രേഷൻ നിയമംമൂലം കേരളീയർക്കു എന്തെങ്കിലും പ്രശ്നങ്ങളുണ്ടോ എന്നു പഠിച്ച് ശുപാർശ സമർപ്പിക്കുന്നതിന് വിദഗ്ദ്ധ അംഗങ്ങളടങ്ങിയ ഒരു സമിതിയെ നിയമിക്കുന്നതിനും പ്രസ്തുത സമിതിയുടെ നിർദ്ദേശങ്ങൾ അനുസരിച്ച് എമിഗ്രേഷൻ നിയമത്തിൽ ഭേദഗതി വരുത്തേണ്ടതുണ്ടെങ്കിൽ ഈ കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(സി) എന്തെല്ലാം ഭേദഗതികളാണ് വേണ്ടതെന്ന് തീരുമാനിക്കുന്നതിന് ബഹുമാനപ്പെട്ട മുൻ ഹൈക്കോടതി ജസ്റ്റീസ് സുകുമാരന്റെ അധ്യക്ഷതയിൽ അംബാസഡർമാർ, നിയമവിദഗ്ദ്ധർ എന്നിവർ അംഗങ്ങളായ ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

## പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സ് ഓഫീസ്

159 [1569] ശ്രീ. എ. കെ. മണി:
" വർക്കല കഹാർ:
" ജി. പ്രതാപവർമ്മ തമ്പാൻ:
" കെ. സി. ജോസഫ്:
" ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാം പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സ് ഓഫീസ് പ്രവർത്തിക്കുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മലബാർ പ്രദേശത്തുള്ളവരുടെ സൗകര്യാർത്ഥം കോഴിക്കോട്ടുകൂടി ഇത്തരം ഒരാഫീസ് തുറക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരത്തും കൊച്ചിയിലുമാണ് സംസ്ഥാനത്ത് പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സ് ഓഫീസ് പ്രവർത്തിക്കുന്നത്.

(ബി) കോഴിക്കോട്ട് ഒരു ഓഫീസ് ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര തൊഴിൽ വകുപ്പ് മന്ത്രിക്കും, വിദേശകാര്യ വകുപ്പ് സഹമന്ത്രിക്കും, നോർക്ക വകുപ്പ് മന്ത്രി നിവേദനം നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും മറുപടികൾ ഒന്നും ലഭിച്ചിട്ടില്ല.

വ്യാജ റിക്രൂട്ട്മെന്റും വിസ തട്ടിപ്പും തടയുന്നതിനുള്ള സംവിധാനം

160 [1570] ശ്രീ. വി. കെ. സി. മമ്മത്കോയ:

" പി. ജയരാജൻ:

" വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാജ റിക്രൂട്ട്മെന്റ് തടയുന്നതിന് നോർക്കയുടെ ആഭിമുഖ്യത്തിൽ ഒരു കോർഡിനേഷൻ കമ്മിറ്റി രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ കമ്മിറ്റിയുടെ ഘടന എപ്രകാരമാണ് എന്ന് വിശദമാക്കുമോ;

(ബി) കമ്മിറ്റിയുടെ ചുമതലകൾ എന്തെല്ലാമാണ്;

(സി) വിദേശ ജോലിക്കായുള്ള അനധികൃത റിക്രൂട്ട്മെന്റ്, വ്യാജ റിക്രൂട്ട്മെന്റ്, വിസ തട്ടിപ്പ് എന്നിവ സംസ്ഥാനത്ത് വ്യാപകമായിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വ്യാജ റിക്രൂട്ട്മെന്റ് തടയുന്നതിന് എന്ത് സംവിധാനമാണ് നിലവിലുള്ളത്;

(ഇ) വിസ തട്ടിപ്പ് സംബന്ധിച്ച പരാതികൾ അന്വേഷിക്കുന്നതിന് സംസ്ഥാനത്ത് പുതിയ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വ്യാജ റിക്രൂട്ട്മെന്റ് തടയുന്നതിനുവേണ്ടി സംസ്ഥാനതലത്തിൽ ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതിൽ നോർക്ക വകുപ്പുമന്ത്രി ചെയർമാനും, നോർക്ക വകുപ്പ് സെക്രട്ടറി കൺവീനറുമാണ്. ആഭ്യന്തര വകുപ്പ് സെക്രട്ടറി, ഡയറക്ടർ ജനറൽ ഓഫ് പോലീസ്, ലേബർ കമ്മീഷണർ, ഡയറക്ടർ ഓഫ് പബ്ലിക് റിലേഷൻസ്, ദൂരദർശൻ ഡയറക്ടർ, എ.ഐ.ആർ. ഡയറക്ടർ, ഏഷ്യാനെറ്റിന്റെ പ്രതിനിധി, പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സ് (കൊച്ചി, തിരുവനന്തപുരം) ഡയറക്ടർ കേരള വനിതാ കമ്മീഷൻ, സി.ഇ.ഒ. റൂട്ട്സ് എന്നിവർ പ്രസ്തുത കമ്മിറ്റിയിലെ അംഗങ്ങളുമാണ്.

LIBRARY ARCHIVES Kerala Legislative Assembly